# All Saints' Ecumenical fellowship centre

# സങ്കേതഭവൻ

## പ്രാണപ്രിയൻ പ്രാണക്കൂട്ടികൾ

വെളിപ്പാട് 19:7,9 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ആത്മീയകല്യാണം. കുഞ്ഞാടിന്റെ കല്യാണം വന്നല്ലോ. കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ'

## വിശുദ്ധ വിവാഹത്തിനും സന്തുഷ്ടകുടുംബജീവിതത്തിനുംവേണ്ടി:

സങ്കേതഭവനത്തിലേക്ക് താങ്കളെയും കുടുംബത്തെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു. ആദ്യമായി നമുക്ക് സകലത്തിനും ദൈവത്തിന് നന്ദി പറയാം. ഇന്ന് താങ്കളെയും കുടുംബത്തെയും സങ്കേതഭവനത്തിൽ എത്തിച്ച പിതാവിന്റെ ആകർഷണത്തിനും ഇപ്പോഴത്തെ പ്രശ്നത്തിനും ദുഃഖത്തിനും വിഷമത്തിനും നന്ദി പറഞ്ഞ് ദൈവസന്നിധിയിൽ പരിശുദ്ധാത്മാവിന്റെ നിറവിനായി കാത്തിരിക്കാം. ഇത് വലിയ ഭാഗ്യമാണ്, ഈ അവസരം നാം നന്നായി പ്രയോജനപ്പെടുത്തി ദൈവപദ്ധതിയ്ക്കായി ഉപയോഗിച്ചാൽ നന്മയാൽ തിന്മയെ ജയിക്കാൻ സാധിക്കും.

**വേദവായനഭാഗങ്ങൾ** : ഉല്പത്തി 24; സദൃശവാക്യങ്ങൾ 5: 15-19; 12:4; 14:1; 18:22; 19:13,14; 21:9,19; 27:15,16; 31:10-31; വിശുദ്ധ യോഹന്നാൻ 3:29; എബ്രായർ 13:4; 2 കൊരിന്ത്യർ 11:2

**യിസഹാക്ക്** : തന്റെ അപ്പനെ അനുസരിച്ച്, അപ്പന്റെ ദൈവത്തെ ആരാധിച്ച് തല കുനിച്ചിരുന്ന് ധ്യാനിച്ച് പുക്കിൾകൂടിയിൽ കൂടി നോക്കി ആദാം വരെ പോയി, സകല ശാപത്തെയും വിളിച്ചു വരുത്തി പകരം കൊടുത്ത് നീക്കി കളയുന്നു.

**റിബെക്ക** : അബ്രഹാമിന്റെ ദാസനായ ഏലിയാസറിന് കുടിപ്പാൻ വെള്ളം കൊടുത്തശേഷം അവന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം അവൾ കോരികൊടുക്കുന്നു. ഒട്ടകങ്ങൾക്ക് വൈക്കോലും തീനും വേണ്ടുവോളം കൊടുക്കുന്നു, രാപാർപ്പാൻ സ്ഥലവും കൊടുക്കുന്നു. യിസഹാക്കിനെ കാണുന്നതുവരെ അവളുടെ തല കുനിഞ്ഞിരുന്നു.

കർത്താവിനാൽ നാം അയക്കപ്പെട്ടതുകൊണ്ടുള്ള ഗുണം, കർത്താവ് എവിടെ നമ്മളെ അയച്ചാലും നമ്മുടെ കൂടെ കർത്താവിന്റെ ആത്മാവ് ഉണ്ട്. കർത്താവ് നമ്മളെ അയച്ചാൽ, കർത്താവിന്റെ സകല സംരക്ഷണവും നമ്മുടെ കൂടെ കാണും. നമ്മൾ പോകുന്ന വഴിയിലെ പിശാചിനെ വീഴ്ത്തി, തകർത്ത് നമുക്കുവേണ്ടി വഴി ഒരുക്കികൊണ്ടിരിക്കും. അതുകൊണ്ടാണ് ചെല്ലുന്നയിടത്തെല്ലാം നല്ല സ്വീകരണം ലഭിക്കുന്നത്. നാം ചെന്നു ചേരുന്ന ഭവനം അനുഗ്രഹിക്കപ്പെടണമെങ്കിൽ കർത്താവ് അയക്കുമ്പോൾ, അയക്കുന്നയിടത്ത് മാത്രം പോകേണം. നാം ദൈവാശ്രയമില്ലാതെ സ്വയമായി പങ്കാളിയെ തിരഞ്ഞെടുത്താൽ, കർത്താവിന്റെ കരങ്ങൾ കൂടെ കാണും എന്ന് വിചാരിക്കുന്നത് മിഥ്യാബോധമാണ്. യിസഹാക്കിന്റെ കല്യാണ ആലോചനയ്ക്കു പോയപ്പോൾ ആദ്യം മാലാഖയെ അയച്ചു. രണ്ടാമത് ഏലിയാസറിനെ അയക്കുന്നു. ദൂതനും ഏലിയാസറും കൂടി പോയപ്പോൾ കല്യാണഉറപ്പ് നടക്കുന്നത് ദൈവത്തിന്റെ അനുഗ്രഹകരത്താൽ ആണ്. വെള്ളം കോരി കൊടുത്തപ്പോൾ കൈയേൽ മോതിരം വീണു. യിസഹാക്കിനെ കണ്ടിട്ടില്ലായെങ്കിലും എത്രയും വേഗം അവിടെ എത്താൻ ശ്രമിച്ച് തല കുനിച്ചിരുന്ന റിബെക്കായുടെ അനുഗ്രഹങ്ങൾ നൂറ് ശതമാനം നാം നേടണം. കർത്താവ് നമുക്ക് എന്തെങ്കിലും തന്നാൽ, കർത്താവ് പറയുന്നയിടത്ത് പോയാൽ, ആ റിബേക്കായെ ദൈവം വിളിച്ച്, അവൾ യിസഹാക്കിന്റെ ആളാണെന്നു പറഞ്ഞതുപോലെ, നമ്മുടെ ജീവിതപങ്കാളിയെ ദൈവം കാണിച്ചു തരുന്നതുവരെ നാം പ്രാർത്ഥനയോടെ കാത്തിരിക്കേണം. ദൈവം നിയോഗിച്ചിട്ടുവേണം ഓരോ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നടക്കേണ്ടത്. പങ്കാളിയെ കാണുന്നതും കല്യാണം നടക്കേണ്ടതും എല്ലാം ദൈവത്തിന്റെ അനുവാദത്തോടും അനുഗ്രഹത്തോടും ആയിരിക്കണം. അതിന് മുമ്പ് ആദ്യം നാം ദൈവത്തിലും ദൈവം നമ്മളിലും വേരുന്നാൻ കഴിയണം.

## എന്റെ കുടുംബജീവിതത്തിന് തടസ്സമായ കാര്യങ്ങൾ എന്തെല്ലമാണ്?

വാരിയെല്ലുമുടക്കി, കല്യാണമുടക്കി, ദൈവപ്രസാദമുടക്കി, സന്തോഷമുടക്കി. ഈ മുടക്കികൾക്ക് എല്ലാം പകരം കൊടുത്ത്, അവരുടെ അവകാശം തീർക്കണം. പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുകയില്ല എന്ന വചനപ്രകാരം നമ്മുടെ യാമപ്രാർത്ഥനയിലും ആരാധനയിലും നോമ്പിലും ഉപവാസത്തിലും ഈ ജാതികളെ കണ്ടെത്തി, സ്വർഗ്ഗകോടതിയിൽ യേശുക്രിസ്തു നമുക്കുവേണ്ടി വാദിച്ച് അവയ്ക്കു പകരം കൊടുത്ത്, അവകാശത്തെ തീർത്ത്, നമ്മളെ സ്വതന്ത്രമാക്കി, കർത്താവിന്റെ മണവാട്ടി സഭയുടെ ഭാഗമാക്കുന്ന യുദ്ധതന്ത്രമാണ് ഇവിടെ നടക്കുന്നത്. ഈ ജാതികളെ വളരെ സാവധാനം മാത്രമേ പുറത്താക്കാൻ കഴിയൂ. ഇതിനുവേണ്ടി താങ്കളും കുടുംബവും തുടർച്ചയായി വിശുദ്ധ ആരാധനയിൽ, ഏഴ് ആഴ്ചയെങ്കിലും, പങ്കെടുത്ത് ഒരോ മുടക്കികളെ മാററി, ദൈവം നിശ്ചയിച്ച സമയത്ത്, നിശ്ചയിച്ച സ്ഥലത്ത്, നിശ്ചയിച്ച വ്യക്തിയുമായി വിശുദ്ധ വിവാഹം നടക്കുന്നതിനായി പ്രാർത്ഥനയോടെ കാത്തിരിക്കാം. കല്യാണം കഴിക്കാൻ പോകുന്നതിന് മുമ്പ്, ഭർത്താവിൽ / ഭാര്യയിൽ എത്ര തിന്മകൾ / മുടക്കികൾ ഉണ്ട് എന്ന് നോക്കിയിട്ട്, അതെല്ലാം പരിശോധിച്ച്, അവകാശം തീർത്തതിനുശേഷം വിവാഹം നടക്കട്ടെ, അല്ലെങ്കിൽ തിന്മകളെ ആയിരിക്കും വിവാഹം കഴിക്കുന്നത്. അതുകൊണ്ടാണ് തുടർന്നുള്ള കുടുംബജീവിതത്തിൽ സ്വസ്ഥത ലഭിക്കാതെ അലഞ്ഞു നടക്കുന്നത്. മനുഷ്യർ തമ്മിൽ വേണം കല്യാണം കഴിക്കാൻ; മനുഷ്യനും തിന്മയും കൂടി അല്ല കല്യാണം കഴിക്കേണ്ടത്. **ആയതിനാൽ എല്ലാ കൂദാശയ്ക്കു മുമ്പേ ഒരു ശുദ്ധീകരണം ആവശ്യമാണ്.** ശുദ്ധീകരണമില്ലാതെ വെറുതെ ചൊല്ലിക്കൂട്ടി കർമ്മം കഴിച്ചാൽ, തിന്മകൾ / മുടക്കികൾ നിറഞ്ഞവരുടെ കല്യാണമാണ് നടക്കുന്നത്, ഒരു സ്വസ്ഥതയും കാണില്ല. യഥാർത്ഥ്യത്തിൽ ആത്മാവിലും സത്യത്തിലും ആരാധിച്ച് ചെയ്താൽ മാത്രമേ കൂദാശകളുടെ ഗുണം / അനുഗ്രഹങ്ങൾ നമുക്ക് അനുഭവിക്കാൻ കഴിയൂ.

## പ്രാർത്ഥന

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ഞങ്ങളുടെ പ്രാണക്കുട്ടികളെ ഒരു പുഷ്പത്തെപ്പോലെ അങ്ങയ്ക്കു സമർപ്പിക്കുവാൻ, ഓരോ ദിവസത്തെ പ്രാണക്കുട്ടികളെ പ്രായപൂർത്തിയായി, കർത്താവിൽ വേരൂന്നി വളർന്ന് പുഷ്പിക്കുന്നതായ സമയം പ്രാണപ്രിയൻ ഞങ്ങളെ സന്ദർശിക്കും, ഞങ്ങളെ കാണാൻ ആഗ്രഹിക്കും, ഞങ്ങളെ പേര് ചൊല്ലി വിളിക്കും. അപ്പോൾ പ്രാണപ്രിയന് കൊടുക്കാനുള്ളതാണ് ഞങ്ങളുടെ ഹൃദയത്തിലെ തേൻ. ഞങ്ങളുടെ സ്നേഹത്തിന്റെ തേൻ, ആ പ്രാണപ്രിയനോട് പററിച്ചേരാനാണ്. ആ സ്നേഹത്തിന്റെ പശ, എന്ന് മനസ്സിലാക്കി കർത്താവിനോട് പററിച്ചേരാനായി കഴിഞ്ഞ്, കർത്താവ് തരുന്ന ജീവിതപങ്കാളിയുമായിട്ട് അത് പങ്കിടുമ്പോൾ, അവിടെ സ്വർഗ്ഗം ഉണ്ടാകുമെന്ന് ഞങ്ങളെ പഠിപ്പിച്ചതിനായി ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതം എവിടെയായലും ഞങ്ങൾ കർത്താവിനുവേണ്ടിയുള്ളവരാണ്. കർത്താവിന്റെ വകയാണ്, കർത്താവിന്റെ ഉദ്ദേശത്തിനുവേണ്ടിയാണ്. ഞങ്ങളുടെ സ്വയത്തെ / സ്വയത്തിന്റെ പുറന്തോട് (ഉമി) പൊളിച്ചുകളയേണ്ട സമയം ഞങ്ങളെ അറിയിക്കണമെന്ന് പ്രാർത്ഥിക്കുന്നു. ഞങ്ങൾ യേശുവിനെ അനുഗമിക്കാൻ, പ്രാണപ്രിയന്റെ അടുത്തേക്ക് നീങ്ങുമ്പോൾ, ഞങ്ങൾ ആർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടോ, അവർക്കുവേണ്ടി നീങ്ങുമ്പോൾ, അതുവരെയുള്ള കളങ്കം മാററി, ഞങ്ങളുടെ ഉമി മാറി, ഞങ്ങൾ പൊടിഞ്ഞ് ആഹാരമായി കർത്താവിന്റെ അസ്ഥിയും മാംസവും ആകേണ്ടവരാണെന്ന് സമ്മതിക്കുന്നു. സമയം കഴിഞ്ഞിട്ടും ഞങ്ങളുടെ ഉമി പോയിട്ടില്ലെങ്കിൽ ഞങ്ങളോട് ക്ഷമിക്കണമേ. ഉമി പോകാത്ത ധാന്യമായി ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ വന്നാൽ, അത് വേവിച്ച ആഹാരത്തിലെ ഉമിയായി കിടന്നാൽ അസ്വസ്ഥതയുണ്ടാക്കും. ഞങ്ങളുടെ സ്വയത്തെ മാററിയെടുക്കണമെ. ഞങ്ങളുടെ സ്വയത്തിന്റെ ഉമി എവിടെയെങ്കിലും മുറിവ് ഉണ്ടാക്കുന്നുണ്ടോ, വേദനപ്പെടുത്തുന്നുണ്ടോയെന്ന് ഞങ്ങൾ അറിയുന്നില്ല. കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമെ. ഇനിയുമെങ്കിലും ഞങ്ങൾ അങ്ങയുടെ അടുത്ത് വരുമ്പോൾ മാറേണ്ടതെല്ലാം മാററി, ചേർക്കേണ്ടത് എല്ലാം ചേർത്ത് കർത്താവിനെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ, ആമേൻ.

സന്ദർശിക്കുക : www.sankethabhavan.in www.sankethabhavan.org www.sankethabhavan.com